**ഭരണഭാഷ- മാതൃഭാഷ**

## നഗരഗ്രാമാസൂത്രണ വകുപ്പ്
## കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## (ഹാജർ: ഐഷ പി.എ)

വിഷയം:- പുതുപ്പാടി ഗ്രാമപഞ്ചായത്ത്, പുതുപ്പാടി വില്ലേജിൽ, റി സർവെ 51/1A1-ൽപ്പെട്ട സ്ഥലത്ത് ഹൈസ്ക്കൂൾ, ഹോസ്റ്റൽ കെട്ടിട നിർമ്മാണം -ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-ശ്രീ.എ.പി അബൂബക്കർ മുസ്ല്യാർ, ജനറൽ സെക്രട്ടറി,മർക്കസുസ്സഖാഫത്തിസ്സുന്നിയ്യ, കാരന്തൂർ എന്നവരുടെ 01.07.19.ലെ അപേക്ഷ

**ഉത്തരവ് നമ്പർ സി1-2366/2019/കെ.ഡിസ് തീയ്യതി 19.09.2019**

പുതുപ്പാടി ഗ്രാമപഞ്ചായത്ത്, പുതുപ്പാടി വില്ലേജിൽ, റി സർവെ 51/1A1-ൽപ്പെട്ട 37232.40 $m^2$ വിസ്തൃതി വരുന്ന സ്ഥലത്ത് 8813.22$m^2$ വിസ്തൃതിയുള്ള ഹൈസ്ക്കൂൾ, ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് (എഫ്.എ.ആർ- 0.24, കവറേജ്-9.06%.) കെ.പി.ബി.ആർ-2011നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായി താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകുന്നു.

1) പ്ലോട്ടിന്റെ അളവ്, ഉടമസ്ഥാവകാശം, അപേക്ഷകന് കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള അവകാശം എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
2) മഴവെള്ള സംഭരണി, അംഗപരിമിതർക്കായുള്ള പ്രത്യേക സൗകര്യങ്ങൾ എന്നിവ പ്രവർത്തനക്ഷമമായി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഒക്യുപ്പെൻസി നൽകുന്നതിനു മുൻപ് ഉറപ്പുവരുത്തേണ്ടതാണ്.
3) ചട്ടം 55(5A),(5B), 56(8),(9) പ്രകാരം ആവശ്യമായ ദ്രവ-മാലിന്യ സംസ്ക്കരണ സംവിധാനവും, മലിനജലം ശുദ്ധീകരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.
4) അപേക്ഷയിൽ പരിഗണിക്കപ്പെടുന്ന 3 കെട്ടിടങ്ങളുടയും ആകെ ഫ്ളോർ ഏരിയ ( നേരത്തെ നിലവിലുണ്ടായിരുന്നതും പുതുതായി ക്രമവൽക്കരിക്കുവാൻ അപേക്ഷിച്ചിരിക്കുന്നതും ആയി 7709.10 ച.മീ) അടിസ്ഥാനപ്പെടുത്തി ചട്ടം 137(4) പ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതാണ്.
5) ചട്ടം 55(4),(5),56(4),(5) പ്രകാരം ആവശ്യമായ അഗ്നി-സുരക്ഷാ സംവിധാനങ്ങളും,സാക്ഷ്യപത്രവും ലഭ്യമാക്കിയിരിക്കേണ്ടതാണ്.
6) പ്ലാനുകളിൽ കാണിച്ചിട്ടുള്ള ലിഫ്റ്റുകൾ, റാമ്പുകൾ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ആയത് നിർമ്മിച്ചതിനു ശേഷം മാത്രമേ ക്രമവൽക്കരണ ഉത്തരവ് നൽകാവൂ.
7) പ്ലോട്ടിലേയ്ക്ക് 6.00 മീറ്റർ വീതിയിലുള്ള വഴി ലഭ്യമാണെന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

താങ്കളുടെ കത്തിനൊപ്പം ലഭിച്ച സൈറ്റ് പ്ലാൻ ടി.പി/എൽ.എ/ 30/2019 എന്ന നമ്പറായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

ഐഷ പി.എ
നഗരാസൂത്രക

നഗരഗ്രാമാസൂത്രണ കാര്യാലയം ★ കോഴിക്കോട്-673005

സ്വീകർത്താവ് : ശ്രീ. എ.പി അബൂബക്കർ മുസ്ല്യാർ, ജനറൽ സെക്രട്ടറി ,
മർക്കസുസ്സഖാഫത്തിസ്സുന്നിയ്യ, കാരന്തൂർ
(1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം)

പകർപ്പ്:-1. സെക്രട്ടറി, പുതുപ്പാടി ഗ്രാമപഞ്ചായത്ത്
2. അപേക്ഷകന് (1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം)
3. വെബ്സൈറ്റ് 4. ഫയൽ